(സി) പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പാക്കുന്നതിനും ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ ?

ഉത്തരം

(എ-സി) യുവജന മുന്നേറ്റം ലക്ഷ്യമാക്കി മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*. ടി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മൃഗശാലകൾ

366 (706) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ:
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര മൃഗശാലകൾ ഇപ്പോൾ കേന്ദ്ര വൈൽഡ് ലൈഫിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ മൃഗശാലകളുടെ സംരക്ഷണത്തിന് ആവശ്യമായ വരുമാനം പ്രവേശന ഫീസ് മുഖേന ലഭിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത മൃഗശാലകളുടെ പ്രവർത്തനത്തിന് സാമ്പത്തിക സഹായം നൽകുന്നത് ഏത് ഗവൺമെന്റാണ്;

(സി) മൃഗശാലകൾ ഇല്ലാത്ത ജില്ലകളിൽ ഗവൺമെൻറിന്റെ അംഗീകാരത്തോട് കൂടി മൃഗശാലകൾ ആരംഭിയ്ക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മ്യൂസിയം മൃഗശാലാ വകുപ്പിന്റെ തിരുവനന്തപുരം, തൃശ്ശൂർ, എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൃഗശാലകൾ കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരത്തോടെയാണ് പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവനന്തപുരം, തൃശ്ശൂർ മൃഗശാലകളുടെ സംരക്ഷണത്തിന് ആവശ്യമായ വരുമാനം പ്രവേശന ഫീസ് മുഖേന ലഭിക്കുന്നില്ല. കേരള സർക്കാർ ആവശ്യമായ ധനസഹായം നൽകുന്നു.

(സി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ നിലവിൽ ഇല്ല.

തിരുവനന്തപുരം മൃഗശാലയിൽ മരച്ചില്ലകളുടെ ശാസ്ത്രീയമായ സംസ്കരണം

367 (707) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മൃഗശാലയിലെ മൃഗങ്ങൾക്ക് നൽകുന്ന പച്ചിലകളുടെ വേസ്റ്റായി മാറുന്ന മരച്ചില്ലകൾ വീടുകളിൽ കത്തിക്കാനായി നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു മൂലം ജനവാസ കേന്ദ്രങ്ങളിൽ വിവിധ തരം പനികൾ പടർന്നു പിടിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ ഉണ്ടാകുന്ന വേസ്റ്റുകൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നടപടി സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly